(ബി) ഈ സെസ്സിന് കുടിശ്ശിക എന്തെങ്കിലും വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ഒട്ടാകെ എന്തു തുക കുടിശ്ശികയായിട്ടുണ്ട് എന്ന് അറിയിക്കുമോ;

(സി) ഇപ്രകാരം കുടിശ്ശിക ഉണ്ടാകാനുള്ള കാരണമെന്താണെന്നും പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

(എ) സ്വന്തമായുള്ള ഗാർഹിക ആവശ്യത്തിനുവേണ്ടി 10 ലക്ഷം രൂപയ്ക്ക് താഴെ ചിലവ് വരുന്ന നിർമ്മാണ പ്രവർത്തനങ്ങളെയാണ് നിർമ്മാണ തൊഴിലാളി ക്ഷേമനിധി സെസ്സിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്.

(ബി) കുടിശ്ശിക വന്നിട്ടുണ്ട്. എന്നാൽ കുടിശ്ശിക സംബന്ധിച്ച വ്യക്തമായ കണക്ക് ഇപ്പോൾ ലഭ്യമല്ല. വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) ജില്ലയിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരം ശേഖരിച്ച് ഉടമയ്ക്ക് നോട്ടീസ് അയച്ച് സെസ്സ് തുക പിരിച്ചെടുക്കുന്ന സംവിധാനമാണ് നിലവിലുള്ളത്. ജില്ലാതല ത്തിൽ തൊഴിൽ വകുപ്പിലെ അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് I തസ്തികയി ലുള്ള ഉദ്യോഗസ്ഥനാണ് ഇതിന്റെ ചുമതല. സെസ്സ് അസസ്സ്മെന്റിന്മേൽ അപ്പീലുകളും കോടതി കേസുകളും തുടർന്ന് സ്റ്റേ ഉത്തരവുകളും ഉണ്ടാകുന്നതിനാൽ സെസ്സ് പിരിവ് കുടിശ്ശികയാവുന്നു. തൊഴിൽ വകുപ്പിലെ അഗ്രിക്കൾച്ചറൽ ലേബർ ഇൻസ്പെക്ടർ തസ്തികയിലെ ഉദ്യോഗസ്ഥരെക്കൂടി ഉൾപ്പെടുത്തി സെസ്സ് പിരിവ് സംബന്ധിച്ച ജോലികൾ കൂടുതൽ ഊർജ്ജിതപ്പെടുത്തുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

റോഡപകടങ്ങളുടെ കാരണത്തെക്കുറിച്ചുള്ള നാറ്റ്പാക്കിന്റെ പഠന റിപ്പോർട്ട്

*12 [102] ശ്രീ. സ്റ്റീഫൻ ജോർജ്:

,, തോമസ് ഉണ്ണിയാടൻ:

,, ജോസഫ് എം. പുതുശ്ശേരി:

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ റോഡപകടങ്ങൾക്ക് പ്രധാന കാരണം ഡ്രൈവിംഗിലെ പാളിച്ചകളാണെന്ന് നാറ്റ്പാക്കിന്റെ പഠനം തെളിയിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശരിയായ രീതിയിൽ ഡ്രൈവിംഗ് സ്കൂളുകൾ പ്രവർത്തിക്കുന്നില്ലായെന്നും, ഡ്രൈവിംഗ് പരിശീലനം ഫലപ്രദമായ രീതിയിൽ നടക്കുന്നില്ലായെന്നുമുള്ള നാറ്റ്പാക്കിന്റെ പഠന റിപ്പോർട്ടിൻമേൽ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡ്രൈവർമാർക്ക് ബോധവൽക്കരണ പരിപാടി നടത്തുകയുണ്ടായോ;

(ഡി) ഡ്രൈവർമാർക്ക് നൽകുന്ന ബോധവൽക്കരണ പരിപാടി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) ഉണ്ട്.

(ബി) കേന്ദ്ര മോട്ടോർ വാഹന ചട്ടം 24 (3) അനുസരിച്ച് പ്രവർത്തിക്കാത്ത സ്കൂളുകളുടെ ലൈസൻസ് സസ്പെന്റ് ചെയ്യാനോ, റദ്ദ് ചെയ്യാനോ ഉള്ള നിർദ്ദേശം എല്ലാ ആർ.ടി.ഒ., ജോയിന്റ് ആർ.ടി.ഒ.-മാർക്ക് നൽകിയിട്ടുണ്ട്.

(സി) കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയവുമായി ചേർന്ന് കേരളത്തിലെ അസംഘടിത മേഖലയിലെ 250 ഹെവി വെഹിക്കിൾ ഡ്രൈവർമാർക്ക് ആദ്യ പടിയായി കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ രണ്ട് ദിവസം വീതം നീണ്ടു നിന്ന ഒരു പരിശീലന പരിപാടി നടത്തുകയുണ്ടായി.

(ഡി) ഡ്രൈവർമാർക്ക് നൽകുന്ന ബോധവൽക്കരണ പരിപാടി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഘട്ടംഘട്ടമായി നാറ്റ്പാക്കിന്റെയും മോട്ടോർ വാഹന വകുപ്പിന്റെയും നേതൃത്വത്തിൽ നടത്തി വരുന്നു.

കൈത്തറി വ്യവസായം പുനരുദ്ധരിക്കുവാൻ നടപടി

*13 [103] ശ്രീ. പി. കെ. കെ. ബാവ:
,, സി. മോയിൻകുട്ടി:
,, പി. കെ. അബ്ദുറബ്ബ്:
,, ഇ. ടി. മുഹമ്മദ് ബഷീർ:
,, സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൈത്തറി വ്യവസായം പുനരുദ്ധരിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിക്കുന്നതിന് ഉദ്ദേശമുണ്ടോ;

(ബി) പ്രസ്തുത വ്യവസായത്തിനാവശ്യമായ അസംസ്കൃത സാധനങ്ങൾ ലഭിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly